# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-20

# താഹാ

**ആയത്ത് 86 മുതൽ 88 വരെ**

ജനത്തിന്റെ ആഭരണങ്ങൾ തീയിലുരുക്കി സാമിരി വാർത്ത പശുക്കിടാവിന്റെ രൂപം പശുക്കിടാവ് മുക്രയിടുന്നതുപോലെ ശബ്ദിക്കുമായിരുന്നു. ശിൽപകലയിൽ വിദഗ്ധനായ അയാൾ ഒരു പശുക്കിടാവിനെ വാർത്തെടുക്കുന്നതോ അതിന്റെ ഉള്ളിൽ വായുസഞ്ചാരം ക്രമീകരിച്ച് ശബ്ദമുണ്ടാക്കുന്നതോ അത്രവലിയ അത്ഭുതമൊന്നുമല്ല. പക്ഷെ, സാമിരി ഈ വൈദഗ്ധ്യത്തെ തന്റെ ദിവ്യസിദ്ധിയായി അവതരിപ്പിച്ച് ജനത്തെ വിഡ്ഢികളാക്കുകയായിരുന്നു.

فَرَجَعَ مُوسَىٰٓ إِلَىٰ قَوْمِهِۦ غَضْبَٰنَ أَسِفًا ۚ قَالَ يَٰقَوْمِ أَلَمْ يَعِدْكُمْ رَبُّكُمْ وَعْدًا حَسَنًا ۚ أَفَطَالَ عَلَيْكُمُ ٱلْعَهْدُ أَمْ أَرَدتُّمْ أَن يَحِلَّ عَلَيْكُمْ غَضَبٌ مِّن رَّبِّكُمْ فَأَخْلَفْتُم مَّوْعِدِى ﴿٨٦﴾

**86.** മൂസാ കോപിഷ്ഠനും വ്യഥിതനുമായി സ്വജനത്തിലേക്കു മടങ്ങി. വന്നപാടെ ചോദിച്ചു: എന്റെ ജനമേ, നിങ്ങളുടെ വിധാതാവ് വിശിഷ്ടമായ വാഗ്ദാനങ്ങൾ നൽകിയിരുന്നില്ലെയോ? നിങ്ങൾക്ക് കാലം വൈകിപ്പോയോ? അല്ലെങ്കിൽ വിധാതാവിന്റെ കോപം പതിച്ചുകൊള്ളട്ടെ എന്നു കരുതിത്തന്നെ നിങ്ങൾ എന്നോടു ചെയ്ത കരാറ് ലംഘിച്ചതാണോ?

قَالُوا۟ مَآ أَخْلَفْنَا مَوْعِدَكَ بِمَلْكِنَا وَلَٰكِنَّا حُمِّلْنَآ أَوْزَارًا مِّن زِينَةِ ٱلْقَوْمِ فَقَذَفْنَٰهَا فَكَذَٰلِكَ أَلْقَى ٱلسَّامِرِىُّ ﴿٨٧﴾

**87.** അവർ പറഞ്ഞു: അങ്ങുമായുള്ള കരാറ് ഞങ്ങൾ സ്വമേധയാ ലംഘിക്കുകയായിരുന്നില്ല. ഞങ്ങൾ ജനത്തിന്റെ ആഭരണഭാരങ്ങൾ പേറിയിരുന്നിരുന്നുവല്ലോ. അത് എറിഞ്ഞുകളഞ്ഞതേയുള്ളൂ. അപ്പോൾ സാമിരി ഇങ്ങനെയൊന്ന് അവതരിപ്പിക്കുകയായിരുന്നു.

فَأَخْرَجَ لَهُمْ عِجْلًا جَسَدًا لَّهُۥ خُوَارٌ فَقَالُوا۟ هَٰذَآ إِلَٰهُكُمْ وَإِلَٰهُ مُوسَىٰ فَنَسِىَ ﴿٨٨﴾

**88.** അയാൾ അവർക്കൊരു കാളക്കിടാവിന്റെ പ്രതിമ വാർത്തുകൊടുത്തു. അതു കാളയെപ്പോലെ മുക്രയിട്ടുകൊണ്ടിരിക്കുന്നു. അതു കണ്ട് ജനം ഘോഷിച്ചു: ഇതാ നിങ്ങളുടെ ദൈവം. മൂസായുടെ ദൈവവും ഇതു തന്നെ. അയാൾ അതു മറന്നുപോയതാണ്.

فَرَجَعَ مُوسَىٰٓ=അപ്പോൾ മൂസാ മടങ്ങി إِلَىٰ قَوْمِهِۦ= തന്റെ (സ്വ)ജനത്തിലേക്ക്
غَضْبَٰنَ=കോപിഷ്ഠന(ും)നായികൊണ്ട് أَسِفًا=വ്യഥിത(നുമായി)നായ
قَالَ=പറഞ്ഞു (വന്നപാടെ അദ്ദേഹം ചോദിച്ചു) يَٰقَوْمِ=എന്റെ ജനമേ
أَلَمْ يَعِدْكُمْ رَبُّكُمْ=നിങ്ങളുടെ വിധാതാവ് നിങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നില്ലെയോ
وَعْدًا حَسَنًا=വിശിഷ്ടമായ വാഗ്ദാനം أَفَطَالَ عَلَيْكُمْ=നിങ്ങളുടെ മേൽ ദീർഘിച്ചുവോ ( വൈകിപ്പോയോ) ٱلْعَهْدُ=കാലം
أَمْ أَرَدتُّمْ=അതോ ഉദ്ദേശിച്ചുവോ (കരുതിത്തന്നെ) أَن يَحِلَّ عَلَيْكُمْ=നിങ്ങളുടെ മേൽ ഇറങ്ങൽ (പതിച്ചു കൊള്ളട്ടെ എന്ന്)
غَضَبٌ مِّن رَّبِّكُمْ=നിങ്ങളുടെ വിധാതാവിങ്കൽ നിന്നുള്ള കോപം فَأَخْلَفْتُم=അങ്ങനെ നിങ്ങൾ ലംഘിച്ചതാണോ
مَّوْعِدِى=എന്റെ (എന്നോട് ചെയ്ത) കരാർ قَالُوا۟=അവർ (ജനം) പറഞ്ഞു

നീയു(താങ്കളു)മായുള്ള കരാറ്= مَوۡعِدَكَ ഞങ്ങൾ ലംഘിച്ചില്ല (ഘലിക്കുകയായിരുന്നില്ല)= مَآ أَخۡلَفۡنَا

പക്ഷെ ഞങ്ങൾ വഹിക്കപ്പെട്ടു (പേറിയിരുന്നുവല്ലോ)= وَلَٰكِنَّا حُمِّلۡنَآ സ്വമേധയാ, ഞങ്ങളുടെ ഇഛയാൽ= بِمَلۡكِنَا

ജനത്തിന്റെ അലങ്കാരത്താലുള്ള ഭാരങ്ങൾ (ആഭരണ ഭാണ്ഡങ്ങൾ)= أَوۡزَارٗا مِّن زِينَةِ ٱلۡقَوۡمِ

അപ്പോൾ സാമിരി ഇങ്ങനെ അവതരിപ്പിച്ചു= فَكَذَٰلِكَ أَلۡقَى ٱلسَّامِرِيُّ ഞങ്ങൾ അത് എറിഞ്ഞു (ഞത്തേയുള്ളൂ)= فَقَذَفۡنَٰهَا

അവർക്ക് അയാൾ പുറപ്പെടുവിച്ചു (വാർത്തു കൊടുത്തു)= فَأَخۡرَجَ لَهُمۡ

തടിയായ കാളക്കിടാവിനെ (കാളക്കിടാവിന്റെ പ്രതിമ)= عِجۡلٗا جَسَدٗا

അതിന് മുക്ര ഉണ്ട് (അതു കാളയെപ്പോലെ മുക്രയിട്ടുകൊണ്ടിരിക്കുന്നു)= لَّهُۥ خُوَارٞ

ഇതാ നിങ്ങളുടെ ദൈവം= هَٰذَآ إِلَٰهُكُمۡ അപ്പോൾ അവർ പറഞ്ഞു (ജനം ഘോഷിച്ചു)= فَقَالُواْ

അയാൾ അത് മറന്നു പോയതാണ്= فَنَسِيَ മൂസായുടെ ദൈവവും (ഇതുതന്നെ)= وَإِلَٰهُ مُوسَىٰ

## 86

**ത**ന്റെ അസാന്നിധ്യത്തിൽ സമുദായം വിഗ്രഹാരാധനയിലേക്ക് വഴുതിപ്പോയി എന്നറിഞ്ഞ് മൂസാ(അ) രോഷാകുലനായി. ഒപ്പം അതീവ ദുഃഖിതനുമായി. غَضَبٌ (കോപം)ൽനിന്നുള്ള കർതൃ പദമാണ് غَضْبَان . ദുഃഖത്തെക്കുറിക്കുന്ന أَسَف-ന്റെ കർതൃപദ മാണ് أَسِفٌ. ആ സന്ദർഭത്തിൽ മൂസാ(അ) കോപിഷ്ഠനും ദുഖി തനുമായത് സ്വാഭാവികമാണ്. താൻ അതുവരെ നടത്തിയ സുദീർഘമായ സംസ്കരണ നടപടികളെയെല്ലാം പാഴാക്കി ക്കൊണ്ട് അന്ധവിശ്വാസം വീണ്ടും വാരിപ്പുണർന്നവരോടും അവരെ അതിലേക്ക് നയിച്ച കപട വിശ്വാസികളായ ധിക്കാരി കളോടുമായിരുന്നു കോപം. അല്ലാഹു അവന്റെ വേദം നൽകി അനുഗ്രഹിച്ച സമുദായം ആ വേദം ലഭിച്ച സന്ദർഭത്തിൽ തന്നെ അവനെ വെടിഞ്ഞ് ഗോപൂജയിലേർപ്പെട്ടു കളഞ്ഞതി ലായിരുന്നു ദുഃഖം. ഈ കോപവും വ്യഥയും പേറി ജനത്തിൽ തിരിച്ചെത്തുമ്പോൾ സംഭവത്തിന്റെ ശരിയായ രൂപം അദ്ദേഹം അറിഞ്ഞിരുന്നില്ല. അതിനാൽ തന്റെ അഭാവത്തിൽ സമുദായ ത്തിന്റെ നേതാവായി നിശ്ചയിച്ചിരുന്ന ഹാറൂനിനോടാരാ ഞ്ഞതും അദ്ദേഹം ഹാറൂനിനെ കൈയേറ്റം ചെയ്യാൻ മുതിർന്നതും ഹാറൂൻ തന്റെ നിസ്സഹായത ബോധിപ്പിച്ചതും 92-94 സൂക്തങ്ങളിൽ പരാമർശിക്കുന്നുണ്ട്. രൂക്ഷമായ ആക്ഷേപ സ്വരത്തിൽ ജനങ്ങളോട് അദ്ദേഹം ചോദിച്ചു: "എന്തുമാത്രം ഭയങ്കരമായ അവിവേകവും ധിക്കാരവുമാണ് നിങ്ങൾ ചെയ്തുകളഞ്ഞത്! അല്ലാഹു നിങ്ങൾക്ക് അതിവി ശിഷ്ടമായ വാഗ്ദാനങ്ങൾ നൽകിയിരുന്നില്ലേ?'' وَعۡدًا حَسَنًا എന്നാണ് മൂല വാക്ക്. സാന്മാർഗിക ജീവിതം നയിക്കാനും ആരോഗ്യകരമായ സാമൂഹിക വ്യവസ്ഥ കെട്ടി പ്പടുക്കാനും ആവശ്യമായ വേദപ്രമാണങ്ങളും ശത്രുക്കളെ ജയിക്കാനും സ്വന്തമായ രാജ്യം സ്ഥാപിക്കാനുമുള്ള സഹാ യവുമാണ് ഇതുകൊണ്ടുദ്ദേശ്യം. ഈ വാഗ്ദാനം സഫലമാ കുന്നതിന്റെ ആദ്യപടിയായി അല്ലാഹുവിങ്കൽ നിന്ന് വിശുദ്ധ വേദം സ്വീകരിക്കുന്നതിനാണ് ഞാൻ പോയത്. പോയിട്ട് ദിവ സങ്ങളേ ആയിട്ടുള്ളൂ. ദൈവിക വാഗ്ദാനത്തിന്റെ സാഫല്യ ത്തിൽ നിരാശപ്പെടാനും സ്വന്തമായി മറ്റു വഴികൾ തേടാനും മാത്രം ദീർഘിച്ച കാലമാണോ അത്? അതോ ഞാനിനി മട ങ്ങിവരാനിടയില്ലാത്ത വിധം അപ്രത്യക്ഷനായി കഴിഞ്ഞുവെന്ന് നിരാശപ്പെടാൻ കാലമായോ? മൂലത്തിലെ عهد-ന് ഈ സന്ദർഭ ത്തിൽ കാലമെന്നും കരാർ എന്നും അർഥമാകാം. ആദ്യത്തേ തനുസരിച്ച് 'എന്നെയും അല്ലാഹുവിന്റെ വിശിഷ്ട വാഗ്ദാന ത്തെയും മറന്നുകളയാൻ മാത്രം കാലം നീണ്ടുപോയോ' എന്നാണാശയം. രണ്ടാമത്തേതനുസരിച്ച് 'അല്ലാഹുവിന്റെ വാഗ്ദാനം അഥവാ അതിന്റെ സാഫല്യം നിങ്ങളെ അവന്റെ മാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ മാത്രം വൈകി പ്പോയോ' എന്നും. കാര്യം ഇതൊന്നുമല്ലെങ്കിൽ പിന്നെ നിങ്ങ ളുടെ വിധാതാവിന്റെ കോപം മനപ്പൂർവം ക്ഷണിച്ചുവരുത്തു കയായിരുന്നുവോ? അതിനു വേണ്ടിയാണോ എന്റെ വാക്ക് ലംഘിച്ചത്? مَّوۡعِدِي-യുടെ ഭാഷാർഥം എന്റെ വാഗ്ദാനം എന്നാണ്. ഇതുകൊണ്ടുദ്ദേശ്യം അല്ലാഹു നൽകിയ വിശിഷ്ട വാഗ്ദാനം തന്നെയാവാം. അതിന്റെ വക്താവ് അദ്ദേഹമാണ ല്ലോ. അപ്പോൾ مَّوۡعِدِي എന്നിലൂടെയുള്ള ദൈവിക വാഗ്ദാ നമാണ്. എന്റെ അഭാവത്തിൽ സമുദായം പാലിക്കേണ്ടതിനായി ഞാൻ നിശ്ചയിച്ചുതന്ന വ്യവസ്ഥയുമാവാം مَّوۡعِدِي. താൻ വേദം സ്വീകരിക്കാൻ പോവുകയാണെന്നും തിരിച്ചുവരുന്നതു വരെ നിങ്ങളുടെ നേതൃത്വം ഹാറൂനിനായിരിക്കുമെന്നും എല്ലാ വിഷയങ്ങളിലും അദ്ദേഹത്തിന്റെ കൽപനകളനുസരിച്ചു കൈകാര്യം ചെയ്യണമെന്നും എല്ലാ ഇസ്രാഈലീ നേതാക്ക ളോടും മൂസാ(അ) പോകുമ്പോൾ നിർദേശിച്ചിരുന്നു.

## 87

**ഇ**വിടെ قَالُواْ ന്റെ കർത്താവ് സമുദായത്തിലെ എല്ലാ സ്ത്രീ പുരുഷന്മാരും ആയിരിക്കുകയില്ല. മൂസാ (അ) പോകുമ്പോൾ എല്ലാ ഗോത്രങ്ങളിലെയും തലവന്മാരെ വിളിച്ചു ഉപദേശിച്ചി രുന്നുവല്ലോ. അതേ ആളുകളോട് തന്നെയാണ് അദ്ദേഹം ആക്ഷേപമുന്നയിക്കുന്നത്. അതിന് മറുപടി പറയുന്നതും ആ നേതാക്കൾ തന്നെ. നിന്റെ വാഗ്ദാനം– مَوۡعِدَكَ കൊണ്ടുദ്ദേശ്യം ഹാറൂനിനെ അനുസരിച്ചുകൊള്ളാമെന്നും സമുദായം വഴി തെറ്റാതെ നോക്കിക്കൊള്ളാമെന്നും അവർ മൂസാ നബിക്കു

നൽകിയ ഉറപ്പാണ്. 'മൽക്കും, മിൽക്കും, മുൽക്കും' ഒരേ പദത്തിന്റെ രൂപ ഭേദങ്ങളാണ്. മുൽക്കിന്റെ ആശയം *ഖുർആൻ ബോധനം* ആലു ഇംറാൻ 26-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ بِمَلْكِنَا എന്ന വാക്കു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് സ്വമേധയാ അഥവാ ഞങ്ങൾ സ്വയം ഇച്ഛിച്ചുറച്ചു ചെയ്തതല്ല എന്നാണ്. ഈജിപ്തിൽ നിന്നു പുറപ്പെടുമ്പോൾ ആളുകൾ തങ്ങളുടെ വിലപിടിച്ച ആഭരണങ്ങൾ സൂക്ഷിക്കാൻ ഗോത്ര നേതാക്കളെ ഏൽപിച്ചിരുന്നു. ഇതിനെക്കുറിച്ചാണ് അവർ حُمِّلْنَآ أَوْزَارًا مِّن زِينَةِ ٱلْقَوْمِ എന്നു പറയുന്നത്. فَقَذَفْنَـٰهَا ഞങ്ങൾ അതു എറിഞ്ഞു എന്നു പറയുന്നത് എവിടെയോ എറിഞ്ഞു കളഞ്ഞു, ഉപേക്ഷിച്ചു എന്ന അർഥത്തിലല്ല. ആ ഭാരത്തിൽ നിന്നും മോചിതരാവാൻ ഒരവസരം കിട്ടിയപ്പോൾ മോചിതരായി എന്ന അർഥത്തിലാണ്. അവരത് ഇറക്കിവെച്ചത് സാമിരി തയ്യാറാക്കിയ തീ ചൂളയിലായിരുന്നുവെന്ന് ബൈബിൾ പറയുന്നുണ്ട്. ശേഷം വരുന്ന ഖുർആൻ വാക്യങ്ങളും അക്കാര്യം സൂചിപ്പിക്കുന്നു. أَلْقَى ക്ക് അവതരിപ്പിച്ചു, പ്രകടിപ്പിച്ചു എന്നും അർഥമുള്ള കാര്യം 65-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ടല്ലോ. ആ അർഥത്തിലാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. فَكَذَٰلِكَ أَلْقَى ٱلسَّامِرِيُّ ന്റെ താൽപര്യം അപ്പോൾ സാമിരി ഇങ്ങിനെയൊന്നവതരിപ്പിച്ചു അല്ലെങ്കിൽ ഒരു പ്രതിഭാസം കാഴ്ചവെച്ചു എന്നാണ്.

നേതാക്കൾ മൂസാ (അ)യെ ബോധിപ്പിക്കുന്നതിതാണ്: പ്രവാചകരേ, ഞങ്ങൾ മനഃപൂർവം അങ്ങയുടെ കൽപന ലംഘിക്കുകയായിരുന്നില്ല. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ അങ്ങനെ ചെയ്യാൻ നിർബന്ധിതരാവുകയായിരുന്നു. അങ്ങയുടെ അസാന്നിധ്യത്തിൽ ജനങ്ങൾ അക്ഷമരായി. ഈ അക്ഷമ മുതലെടുത്ത സാമിരി അവരോടുപറഞ്ഞു: 'മൂസ ദൈവത്തെയും തേടി എങ്ങോ പോയി മറഞ്ഞിരിക്കുന്നു. അയാളിനി തിരിച്ചുവരുമോ എന്തോ! ഏതായാലും നമ്മെ നയിക്കാൻ ഒരു ദൈവം വേണമല്ലോ. നിങ്ങൾ കൈവശമുള്ള ആഭരണങ്ങളൊക്കെ കൊണ്ടുവരിക. നമ്മുടെ ദൈവത്തെ ഞാൻ ഇവിടെ തന്നെ പ്രത്യക്ഷപ്പെടുത്തിത്തരാം'. ജനം അയാളുടെ വാഗ്ദാനത്തിൽ വീണുപോയി. ജനത്തിന്റെ ആഭരണങ്ങൾ പേറിനടക്കുകയായിരുന്നുവല്ലോ ഞങ്ങൾ. അതെല്ലാം സാമിരിയുടെ അഗ്നിയിൽ ഹോമിക്കാൻ അവർ ഞങ്ങളെ നിർബന്ധിക്കുകയായിരുന്നു. അനുസരിച്ചില്ലെങ്കിൽ വലിയ കലാപത്തിനിടയാകുമെന്ന് കണ്ടപ്പോൾ ഞങ്ങളത് ആ തീയിൽ കൊണ്ടുപോയെറിഞ്ഞു. തുടർന്ന് സാമിരി ഇങ്ങനെയൊരു പ്രതിഭാസമവതരിപ്പിക്കുകയായിരുന്നു.

നേതാക്കൾ പേറിയിരുന്ന ജനത്തിന്റെ ആഭരണങ്ങൾ- زِينَةِ ٱلْقَوْمِ ഏതു ജനത്തിന്റേതായിരുന്നു എന്നതിനെ കുറിച്ച് ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. ഈജിപ്തിൽ നിന്നുപോരുന്നതിന്റെ തലേന്ന് തങ്ങളുടെ ഖിബ്തി അയൽക്കാരോട് കിട്ടാവുന്നത്ര ആഭരണങ്ങൾ വായ്പയായി വാങ്ങാനും അവരെ വഞ്ചിച്ച് അതുകൂടെ കൊണ്ടുവരാനും മൂസാ നബി കൽപിച്ചിരുന്നുവെന്നും അതനുസരിച്ച് ശേഖരിച്ചതാണ് ഈ ആഭരണഭാണ്ഡങ്ങളെന്നുമാണ് ബൈബിൾ പുറപ്പാട് 3:14-22ലും 11:2-3ലും പറയുന്നത്. ഈ ഭാഷ്യം അതേ പടി സ്വീകരിച്ചിരിക്കുകയാണ് ചില മുസ്‌ലിം പണ്ഡിതന്മാരും. زِينَةِ ٱلْقَوْمِ ഇസ്റാഈൽ ജനത്തിന്റെ ആഭരണം തന്നെയാണെന്നാണ് മറു പക്ഷം. ജനം യാത്രാവേളയിൽ അവരുടെ വിലപിടിപ്പുള്ള വസ്തുക്കളെല്ലാം സമുദായ നേതാക്കളെ സൂക്ഷിക്കാനേൽപിച്ചിരുന്നു. ഒരു ജനസേവനമെന്ന നിലയിൽ അവർ അതെല്ലാം വാങ്ങി ഭാണ്ഡങ്ങളാക്കി പേറി നടക്കുകയായിരുന്നു. എങ്കിലും അതവർക്ക് പ്രയാസകരമായിരുന്നുവെന്നും ഒഴിവായിക്കിട്ടാൻ ആഗ്രഹിച്ചിരുന്നുവെന്നും സൂക്തത്തിലെ حُمِّلْنَآ , أَوْزَارًا , فَقَذَفْنَـٰهَا എന്നീ പദപ്രയോഗങ്ങൾ സൂചിപ്പിക്കുന്നതായി മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അഭിപ്രായപ്പെടുന്നു.

ജനനേതാക്കൾ ചുമന്ന ആഭരണ ഭാണ്ഡങ്ങൾ മൂസാനബിയുടെ നിർദേശ പ്രകാരം ഇസ്റാഈല്യർ അയൽക്കാരായ ഖിബ്തികളെ വഞ്ചിച്ചുകൊണ്ടുവന്നതാണെന്ന ബൈബിൾ പ്രസ്താവന വിശ്വസനീയമല്ല. ദൈവിക സന്ദേശം പ്രചരിപ്പിക്കാനും ധർമാനുഷ്ഠാനവും നീതി പാലനവും സ്വജീവിതത്തിലൂടെ പഠിപ്പിക്കാനും നിയുക്തനായ ഒരു പ്രവാചകനും സ്വജനത്തോട് അത്തരം അധർമങ്ങൾ കൽപിക്കുകയില്ല. ഇസ്രാഈല്യരല്ലാത്തവരോട് നീതിയും ധർമവും സത്യസന്ധതയുമൊന്നും പാലിക്കാൻ തങ്ങൾക്കു ബാധ്യതയില്ലെന്ന, പിൻ തലമുറകൾ സ്വീകരിച്ച നിലപാടിന്ന് പ്രമാണമായി പിൽക്കാലത്തു കൂട്ടിച്ചേർത്തതാവാം പ്രസ്തുത വചനങ്ങൾ.

ബൈബിളിലെ തന്നെ മറ്റുചില വചനങ്ങൾ ഈ ആഭരണങ്ങൾ ഇസ്റാഈല്യരുടേതായിരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. ഖിബ്തി അയൽക്കാരോട് ഇസ്റാഈല്യർ വൻതോതിൽ സ്വർണ്ണാഭരണങ്ങൾ കടം വാങ്ങുക എന്നത് അന്നത്തെ സാഹചര്യവുമായി പൊരുത്തപ്പെടുന്നതല്ല. ഖിബ്തികൾ യജമാനരും ഇസ്രാഈല്യർ അടിമകളുമായിരുന്നു. യജമാനന്മാരോട് ഇഷ്ടം പോലെ സ്വർണ്ണവും വെള്ളിയും കടം ചോദിക്കാവുന്ന അവസ്ഥയൊന്നും അവർക്കുണ്ടായിരുന്നില്ല. ചോദിച്ചാൽ തന്നെ അതൊക്കെ വായ്പകൊടുക്കാൻ മാത്രം ദാക്ഷിണ്യമുള്ളവരായിരുന്നില്ല ഖിബ്തികൾ. നിന്ദയും മർദ്ദനവും മാത്രമാണ് ഇസ്റാഈല്യർക്ക് നിർലോഭം ലഭിച്ചിരുന്നത്. ഈസ്റാഈല്യരാവട്ടെ ഈജിപ്ത് വിടാൻ ആഗ്രഹിക്കുകയും അതിന് രാജാവിന്റെ അനുമതി തേടുകയും ചെയ്യുകയാണ്. അവസരം കിട്ടിയാൽ രാജകൽപനയില്ലാതെയും അവർ നാടുവിടുമെന്ന് ഖിബ്തികൾ മനസ്സിലാക്കാതിരിക്കില്ല. എന്നിരിക്കെ വിലപിടിപ്പുള്ള വസ്തുക്കൾ ഇസ്റാഈല്യർക്ക് കടം കൊടുക്കാൻ ഖിബ്തികൾ തയ്യാറാകുമെന്ന് എങ്ങനെ വിശ്വസിക്കാം? സൂറ. *അൽ അഅ്റാഫ്* 148-ാം സൂക്തത്തിൽ ഖുർആൻ ഈ ആഭരണങ്ങളെക്കുറിച്ചു പറയുന്നു:

وَٱتَّخَذَ قَوْمُ مُوسَىٰ مِنۢ بَعْدِهِۦ مِنْ حُلِيِّهِمْ عِجْلًا جَسَدًا لَّهُۥ خُوَارٌ

(മൂസായുടെ ജനം അദ്ദേഹത്തിന്റെ പിന്നിൽ അവരുടെ ആഭരണങ്ങളാൽ, മുക്രയിടുന്ന പശുക്കിടാവിനെയുണ്ടാക്കി). زِينَةِ ٱلْقَوْمِ -ജനത്തിന്റെ ആഭരണം എന്നതിലെ ജനം- قَوْمُ ഇസ്റാഈല്യർതന്നെയാണെന്ന വീക്ഷണത്തെ സ്ഥിരപ്പെടുത്തുന്നതാണ് ഈ വചനത്തിലെ حُلِيِّهِمْ അവരുടെ ആഭരണങ്ങൾ എന്ന വാക്ക്.

## 88

**അ**വയവങ്ങളുള്ള സജീവമോ നിർജീവമോ ആയ ശരീരമാണ് جَسَد. ജനത്തിന്റെ ആഭരണങ്ങൾ തീയിലുരുക്കി സാമിരി വാർത്ത പശുക്കിടാവിന്റെ രൂപം പശുക്കിടാവ് മുക്രയിടുന്നതുപോലെ ശബ്ദിക്കുമായിരുന്നു. ശിൽപകലയിൽ വിദഗ്ധനായ അയാൾ ഒരു പശുക്കിടാവിനെ വാർത്തെടുക്കുന്നതോ അതിന്റെ ഉള്ളിൽ വായുസഞ്ചാരം ക്രമീകരിച്ച് ശബ്ദമുണ്ടാക്കുന്നതോ അത്രവലിയ അത്ഭുതമൊന്നുമല്ല. പക്ഷെ, സാമിരി ഈ വൈദഗ്ധ്യത്തെ തന്റെ ദിവ്യസിദ്ധിയായി അവതരിപ്പിച്ച് ജനത്തെ വിഡ്ഢികളാക്കുകയായിരുന്നു. മുക്രയിടുന്ന ഗോപ്രതിമ കണ്ടതോടെ ജനം ആർത്തുവിളിച്ചു: 'ഇതാ നമ്മുടെ ദൈവം. ഇതുതന്നെയാണ് മൂസാ തേടി നടക്കുന്ന ദൈവം.' ഈ വചനത്തിലെ അവർക്ക്- لَهُم, അവർ ഘോഷിച്ചു- قَالُوا എന്നീ പ്രഥമ പുരുഷ വചനപ്രയോഗങ്ങളിൽ സമുദായ നേതാക്കളുടെ നിരപരാധിത്വവും നിസ്സഹായതയും ബോധിപ്പിക്കൽ കൂടിയുണ്ട്! സാമിരി വിഗ്രഹമുണ്ടാക്കിയത് പ്രവാചകന്റെ അസാന്നിധ്യത്തിൽ അക്ഷമരായ, വിഗ്രഹാരാധന കൊതിച്ചു നടന്ന മൂഢ ജനങ്ങൾക്കു വേണ്ടിയാണ്. ഞങ്ങളാവശ്യപ്പെട്ടിട്ടോ ഞങ്ങൾക്കുവേണ്ടിയോ അല്ല. വിഗ്രഹം വാർത്തെടുത്തപ്പോൾ അതാണ് ഞങ്ങളുടെയും മൂസായുടെയും ദൈവം എന്നാർത്തുവിളിച്ചതും അവരാണ്, ഞങ്ങളല്ല. ജനങ്ങൾ നിർബന്ധിച്ചപ്പോൾ ഗത്യന്തരമില്ലാതെ അവരുടെ ആഭരണങ്ങൾ സാമിരിയുടെ ചൂളയിലെറിയുക മാത്രമാണ് ഞങ്ങൾ ചെയ്തിട്ടുള്ളത്.

فَنَسِيَ മറന്നു എന്ന ക്രിയയുടെ കർത്താവ് സാമിരി ആണെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. അപ്പോൾ അത് സമുദായ നേതാക്കളുടെ പ്രസ്താവനയുടെ ഭാഗമാണ്. ഈ നടപടിയിലേർപ്പെട്ടപ്പോൾ മൂസാ നബിയുടെ നിർദ്ദേശങ്ങളും സന്മാർഗപാഠങ്ങളും സാമിരി മറന്നുകളഞ്ഞു എന്നു പറയുകയാണവർ. نَسِيَയുടെ കർത്താവ് മൂസാ ആണെന്നും ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. അപ്പോൾ സാമിരിയുടെയോ അയാളുടെ വലയിലകപ്പെട്ട മൂഢന്മാരുടെയോ ജൽപനമാണത്. نَسِيَ ക്ക് അശ്രദ്ധനായി എന്നും അർഥമുണ്ട്. ദൈവം നമ്മുടെ മുന്നിൽ തന്നെയുണ്ട് എന്ന കാര്യം മറന്നുകൊണ്ട് അല്ലെങ്കിൽ ശ്രദ്ധിക്കാതെയാണ് മൂസാ ദൈവത്തെ തേടി തൂർ മല കയറിയിരിക്കുന്നതെന്നാണ് അവർ പറയുന്നത്. فَنَسِيَ യുടെ തുടക്കത്തിലുള്ള فَاء ഈ വ്യാഖ്യാനവുമായി ഇണങ്ങുന്നതല്ല. ഈ സൂക്തം സമുദായ നേതാക്കളെ ഉദ്ധരിക്കുന്നതല്ല, അല്ലാഹു നേരിട്ടു പ്രസ്താവിക്കുന്നതാണ് എന്നുമുണ്ടൊരു വീക്ഷണം. അങ്ങനെയായാലും വചന താൽപര്യത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാകുന്നതല്ല.

കാളപ്രതിമ ജീവനുള്ള കാളയെപ്പോലെ മുക്രയിട്ടതുകൊണ്ടാണ് പാമര ജനങ്ങളെ അതിന്റെ ദിവ്യത്വത്തിൽ വിശ്വസിപ്പിക്കാൻ എളുപ്പത്തിൽ സാധ്യമായത്. മുഢജനങ്ങളിൽ എക്കാലത്തും വളരെ പെട്ടെന്ന് ചെലവാകുന്ന വിദ്യയാണിത്. അടുത്ത കാലത്ത് 'പാലു കുടിക്കുന്ന വിഗ്രഹം' ദൽഹിയിലും 'കുരിശിൽ കിടന്നു കണ്ണീരൊഴുക്കുന്ന യേശുപ്രതിമ' മുംബൈയിലും പ്രത്യക്ഷപ്പെടുകയുണ്ടായല്ലോ!? ഇത്തരം വല്ല വാർത്തയും കേൾക്കേണ്ട താമസം, ഭക്തലക്ഷങ്ങൾ വഴിപാടുകളുമായി അവയുടെ സന്നിധിയിൽ കുതിച്ചെത്തുന്നതു കാണാം. 21-ാം നൂറ്റാണ്ടിലെ അവസ്ഥയിതാണെങ്കിൽ മൂന്നു സഹസ്രാബ്ദം മുമ്പ് സാമിരി അവതരിപ്പിച്ച മുക്രയിടുന്ന ഗോശിൽപം അക്കാലത്തെ പാമര ജനങ്ങളെ എന്തുമാത്രം ഭ്രമിപ്പിച്ചിട്ടുണ്ടാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പണ്ടത്തെപ്പോലെ ഇന്നും ഇത്തരം തട്ടിപ്പുകൾക്കു പിന്നിൽ പ്രവർത്തിക്കുന്ന സാമിരിമാർ ദിവ്യപുരുഷന്മാരായി വാഴ്ത്തപ്പെടുന്നു. ■


## Matrimonial

പ്രസ്ഥാന കുടുംബത്തിലെ യുവതി (23/163 cm). B.Com Diploma in Secretarial practice. M.Com-ന് പഠിക്കുന്നു. പാലക്കാട് ജില്ല. ആലോചനകൾ ക്ഷണിക്കുന്നു.

**9809240878**

ദീനീനിഷ്ഠയുള്ള യുവതി (23/150cm). B.A, LLB. ഇരുനിറം. സാമാന്യ സൗന്ദര്യം. സാമ്പത്തികം. പ്രസ്ഥാന കുടുംബം. ഇടുക്കി ജില്ല.

**9656444228**

പ്രസ്ഥാന ബന്ധുക്കളുടെ മകൾ (20/5'2"). മതനിഷ്ഠ, ബഹുഭാഷാ പരിജ്ഞാനം, സൗന്ദര്യം, വെളുത്ത നിറം. ഡിഗ്രിക്ക് പഠിക്കുന്നു. കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിലെ അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9946369743**

മുസ്‌ലിം യുവതി (23/5'3''). B.Pharm. സാമാന്യ സൗന്ദര്യം. മലപ്പുറം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**9961381248, 9747564680**